REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-05-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തിരുവഞ്ചൂർ രാധാകൃഷ്ണൻ പതിനാറാം കേരള നിയമസഭയുടെ സ്പീക്കർ. തിരുവഞ്ചൂരിനെ അനുമോദിച്ച് മുഖ്യമന്ത്രി VD സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സുമായി കൂടിക്കാഴ്ച നടത്തുന്നു.**
- **ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ചൊവ്വാഴ്ച ന്യൂഡൽഹിയിൽ.**
- **CPIM കേന്ദ്ര കമ്മിറ്റി യോഗം ന്യൂഡൽഹിയിൽ തുടങ്ങി.**
- **IPL ക്രിക്കറ്റിൽ വൈകീട്ട് സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

16-ാം കേരള നിയമസഭയുടെ സ്പീക്കറായി UDF ലെ തിരുവഞ്ചൂർ രാധാകൃഷ്ണനെ തിരഞ്ഞെടുത്തു. തിരുവഞ്ചൂർ രാധാകൃഷ്ണന് 101 വോട്ടുകളും LDF സ്ഥാനാർഥി AC മൊയ്തീന് 35 വോട്ടുകളും BJP സ്ഥാനാർഥി BB ഗോപകുമാറിന് മൂന്ന് വോട്ടുകളുമാണ് ലഭിച്ചത്. നിയമസഭാ ഹാളിലെ വോട്ടെടുപ്പിൽ പ്രോട്ടം സ്പീക്കർ G സുധാകരൻ ഒഴികെ 139 അംഗങ്ങൾ വോട്ട് രേഖപ്പെടുത്തി. വോട്ടെടുപ്പ് പൂർത്തിയായ ഉടനെ തന്നെ വോട്ടെണ്ണി പ്രൊടെം സ്പീക്കർ ഫലം പ്രഖ്യാപപിച്ചു.

സ്പീക്കറായി തിരഞ്ഞെടുത്ത തിരുവഞ്ചൂർ രാധാകൃഷ്ണനെ മുഖ്യമന്ത്രി VD സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും ചേർന്ന് ഡയസിലേക്ക്

ആനയിച്ചു. ശേഷം മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റു കക്ഷി നേതാക്കളും അദ്ദേഹത്തെ അനുമോദിച്ച് സംസാരിച്ചു. ഇതോടെ നടപടികൾ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഈ മാസം 29-ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ നിയമസഭ വീണ്ടും സമ്മേളിക്കും.

✪✪✪

മൂന്നര പതിറ്റാണ്ടിന്റെ പാർലമെന്ററി പ്രവർത്തന പരിചയവുമായാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്പീക്കർ പദവിയിലെത്തുന്നത്. 1991 മുതൽ 2006 വരെ അടൂർ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം 2011ൽ കോട്ടയം മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്. 2004-ൽ ഒന്നാം ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ അംഗമായിരുന്ന തിരുവഞ്ചൂർ ജലവിഭവം, വനം, ആരോഗ്യം, പാർലമെന്ററി കാര്യം എന്നീ വകുപ്പുകളുടെ ചുമതലകൾ വഹിച്ചിരുന്നു. 2011-ൽ രണ്ടാം ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ റവന്യൂ വകുപ്പ് മന്ത്രിയായി നിയോഗിതനായി. പിന്നീട് 2012ൽ ആഭ്യന്തര മന്ത്രിയായും ചുമതല വഹിച്ചു.

KP പരമേശ്വരൻ പിള്ളയുടേയും MG ഗൗരിക്കുട്ടി അമ്മയുടേയും മകനായി 1949 ഡിസംബർ 26-ൽ കോട്ടയം ജില്ലയിലെ തിരുവഞ്ചൂരിലാണ് തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ജനനം. കോട്ടയത്തെ MT സെമിനാരി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കോട്ടയം ബസേലിയസ് കോളജിൽ നിന്ന് ബിരുദവും, തിരുവനന്തപുരം ഗവണ്മെന്റ് ലോ കോളജിൽ നിന്ന് നിയമ ബിരുദവും നേടി. കോൺഗ്രസിന്റെ വിദ്യാർത്ഥി വിഭാഗമായ KSU -വിലൂടെയാണ് രാഷ്ട്രീയ രംഗത്ത് പ്രവേശിക്കുന്നത്. 1976 മുതൽ കോട്ടയം ബാറിൽ അഭിഭാഷകനായി പരിശീലനം തുടങ്ങിയെങ്കിലും സജീവ രാഷ്ട്രീയ പ്രവർത്തനം തുടരുകയായിരുന്നു.

✪✪✪

ജനപ്രതിനിധി എപ്രകാരമാണ് നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കേണ്ടത് എന്നതിന്റെ ഏറ്റവും ഉത്തമമായ മാതൃകയാണ് തിരുവഞ്ചൂർ രാധാകൃഷ്ണനെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട തിരുവഞ്ചൂരിനെ അനുമോദിച്ച് സഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സഭയിലേക്ക് പുതുതായി എത്തുന്ന എല്ലാ സാമാജികർക്കും പിന്തുടരാൻ പറ്റിയ മികച്ച റോൾ മോഡലാണ് തിരുവഞ്ചൂർ. രാഷ്ട്രീയ പാരമ്പര്യവും ജനപ്രതിനിധിയെന്ന നിലയിലെ പരിചയസമ്പത്തുമാണ് അദ്ദേഹത്തെ സ്പീക്കർ പദവിയിലേക്ക് എത്തിച്ചതെന്നും VD സതീശൻ പറഞ്ഞു.

✪✪✪

മന്ത്രിയായും ഭരണപക്ഷത്തും പ്രതിപക്ഷത്തും പ്രവർത്തിച്ചതിലും നേടിയ അനുഭവങ്ങൾ തിരുവഞ്ചൂരിനെ പ്രഗത്ഭനായ സഭാധ്യക്ഷനാക്കി മാറ്റുമെന്നാണ് വിശ്വാസമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു.

ഈ അനുഭവ പരിചയം സഭാ നടപടികളെ ജനതാത്പര്യത്തിനനുസരിച്ച് നയിക്കുവാൻ അദ്ദേഹത്തിന് മികച്ച അവസരമൊരുക്കുമെന്നും പിണറായി വ്യക്തമാക്കി. സ്പീക്കർക്ക് പ്രതിപക്ഷത്തിന്റെ എല്ലാവിധ സഹകരണവും പ്രതിപക്ഷ നേതാവ് വാഗ്ദാനം ചെയ്തു.

ലോക് സഭാ സ്പീക്കർ ഓംബിർളയും തിരുവഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദനം അറിയിച്ചു.

✪✪✪

സ്പീക്കർ അരാഷ്ട്രീയ വാദിയല്ലെന്നും സഭയ്ക്കകത്ത് നിഷ്പക്ഷനായിരിക്കുമെന്നും മന്ത്രി സ്ഥാനവും സ്പീക്കർ സ്ഥാനവുമായി താരതമ്യം ഇല്ലെന്നും നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. വലിയ ഉത്തരവാദിത്തമാണ് പാർട്ടി ഏൽപ്പിച്ചതെന്നും ജനാധിപത്യത്തിന്റെ നാല് തൂണുകളിൽ ഒന്നിന്റെ തലപ്പത്തെത്താൻ കഴിഞ്ഞത് അതിപ്രധാന നിമിഷമാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോഡൗലിഡ്സുമായി കൂടിക്കാഴ്ച നടത്തുന്നു. ബഹുമുഖ വേദികളിലെ സഹകരണം ഉൾപ്പെടെ പ്രാദേശിക, ആഗോള പ്രാധാന്യ വിഷയങ്ങളിൽ ഇരുനേതാക്കളും അഭിപ്രായങ്ങൾ കൈമാറും. ചർച്ചകൾക്ക് ശേഷം നിരവധി കരാറുകളിലും ഇരുവരും ഒപ്പുവെക്കും.

നാല് ദിവസത്തെ ഇന്ത്യ സന്ദർശനത്തിനാണ് ക്രിസ്റ്റോഡൗലിഡ്സ് ന്യൂഡൽഹിയിലെത്തിയത്. സൈപ്രസ് വിദേശകാര്യ മന്ത്രി, മുതിർന്ന ഉദ്യോഗസ്ഥർ, വാണിജ്യ പ്രമുഖർ എന്നിവരടങ്ങിയ ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. വൈകീട്ട് സൈപ്രസ് പ്രസിഡന്റ് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും സന്ദർശിക്കും.

✪✪✪

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഈ മാസം 26 ന് ന്യൂഡൽഹിയിൽ ചേരും. വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറിന്റെ ക്ഷണപ്രകാരം, ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ്, ജപ്പാൻ വിദേശകാര്യ മന്ത്രി തോഷിമിറ്റ്സു മൊട്ടേഗി, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവർ യോഗത്തിൽ പങ്കെടുക്കാൻ ന്യൂഡൽഹിയിലെത്തും.

ന്യൂഡൽഹി സന്ദർശന വേളയിൽ, ഓസ്ട്രേലിയയിലെയും ജപ്പാനിലെയും വിദേശകാര്യ മന്ത്രിമാരും, US വിദേശകാര്യ സെക്രട്ടറിയും ഡോ. S ജയശങ്കറുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും വിദേശകാര്യ മന്ത്രിമാർ സന്ദർശിക്കും.

✪✪✪

പത്ത് സംസ്ഥാനങ്ങളിലെ 24 രാജ്യസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പിന്, തിരഞ്ഞെടുപ്പ് കമ്മീഷൻ സമയക്രമം തീരുമാനിച്ചു. മുൻ പ്രധാനമന്ത്രി HD ദേവഗൗഡ, കേന്ദ്രമന്ത്രിമാരായ ജോർജ്ജ് കുര്യൻ, രവ്നീത് സിംഗ് എന്നിവർ അടുത്ത മാസം കാലാവധി പൂർത്തിയാക്കുന്ന അംഗങ്ങളിൽ ഉൾപ്പെടുന്നു. അടുത്ത മാസം ഒന്നിന് വിജ്ഞാപനം പുറപ്പെടുവിക്കും.

ജൂൺ 18 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണലും അന്നുതന്നെയായിരിക്കും. മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും ഓരോ സീറ്റിൽ അടുത്ത മാസം 18 ന് രാജ്യസഭാ ഉപതിരഞ്ഞെടുപ്പും നടത്തും.

✪✪✪

മൂന്ന് ദിവസത്തെ CPIM കേന്ദ്ര കമ്മിറ്റിയോഗം ന്യൂഡൽഹിയിൽ തുടങ്ങി. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് ഉണ്ടായ തിരിച്ചടി അടക്കം എല്ലാ വിഷയങ്ങളും കേന്ദ്ര കമ്മിറ്റി ചർച്ച ചെയ്യുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി MA ബേബി ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

ഇന്ന് അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം. ജൈവ വൈവിധ്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കാനും അതിന്റെ സംരക്ഷണം ഉറപ്പാക്കാനുമാണ് ഐക്യരാഷ്ട്രസഭ മെയ് 22 ജൈവ വൈവിധ്യ ദിനമായി ആചരിക്കുന്നത്.

✪✪✪

ജൈവ വൈവിധ്യ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല ശില്പശാല മന്ത്രി K മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 'പ്രാദേശിക പ്രവർത്തനങ്ങൾ ആഗോള പ്രതിഫലനം' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ശില്പശാലയിൽ ''മാതൃകാ ജൈവ വൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ'' എന്ന സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ പുതിയ പദ്ധതിക്ക് മന്ത്രി തുടക്കം കുറിക്കും.

✪✪✪

സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്ന് രാവിലെ ഒൻപതിന് തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തും. മുഖ്യമന്ത്രി V.D സതീശൻ സംസ്ഥാന പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

മന്ത്രി VE അബ്ദുൾ ഗഫൂർ, തിരുവനന്തപുരത്ത് ലത്തീൻ രൂപത ആസ്ഥാനത്തെത്തി സഭാ നേതൃത്വത്തെ കണ്ടു. സഭാ തലവൻ തോമസ് J നെറ്റോ അദ്ദേഹത്തെ സ്വീകരിച്ചു. തികച്ചും സൗഹൃദപരമായ സന്ദർശനമാണിതെന്നും സഭ ഉന്നയിച്ച വിഷയങ്ങളിൽ വേണ്ട നടപടികൾ ഉടൻ എടുക്കുമെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

എറണാകുളം മലയിടംതുരുത്തിനടുത്തെ പര്യത്ത് കോളനി ഒഴിപ്പിക്കൽ വിഷയത്തിൽ പ്രതിഷേധം തുടരുന്നു. കോളനി ഒഴിപ്പിക്കാൻ നടപടികൾ നാളെ പൂർത്തിയാക്കണമെന്നാണ് പെരുമ്പാവൂർ മുൻസിഫ് കോടതിയുടെ ഉത്തരവ്. ഇക്കാര്യത്തിൽ കൂടുതൽ സാവകാശം തേടി കോടതിയെ സമീപിക്കാനൊരുങ്ങുകയാണ് സംസ്ഥാന ഗവൺമെന്റ്.

✪✪✪

പ്രസിദ്ധമായ കൊട്ടിയൂർ വൈശാഖ മഹോത്സവ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി.

കണ്ണൂരിൽ നിന്ന് കെ ഒ ശശിധരൻ....

............വോയ്സ്.........

ദേശങ്ങൾ കടന്നുള്ള ആഘോഷമാണ് കൊട്ടിയൂർ വൈശാഖ മഹോത്സവം. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന ഉത്സവത്തിന് ആവശ്യമായ സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള അവകാശം വിവിധ ദേശങ്ങളിലെ വ്യത്യസ്ത വിഭാഗങ്ങളിൽ പെട്ടവർക്കാണ്.

അക്കരെ കൊട്ടിയൂരിലെ ദീപങ്ങൾ തെളിയിക്കുന്നതിന് എള്ളെണ്ണ എത്തിക്കുന്നതിനുള്ള അവകാശം അഞ്ചരക്കണ്ടി പടുവിലായിലെ വാണിയ സമുദായത്തിലെ കിള്ളിയോട്ട് തറവാട്ടിനാണ്. തറവാട്ടിലെ മുതിർന്ന അംഗം കിളിയോട് സദാനന്ദൻ കാരണവരുടെ നേതൃത്വത്തിൽ എള്ളെണ്ണയുമായി കാൽനടയായി പുറപ്പെട്ട സംഘം 23ന് ക്ഷേത്രത്തിൽ എത്തിച്ചേരും. കൂത്തുപറമ്പ് പുറക്കുളം തിരൂർകുന്ന് ഗണപതി ക്ഷേത്രത്തിൽ നിന്നാണ് വിളക്ക് തിരി സംഘം കൊട്ടിയൂരിലേക്ക് പുറപ്പെട്ടത്.മണിയൻ ചെട്ടിയാൻ

സ്ഥാനികൻ പ്രേമരാജന്റെ നേതൃത്വത്തിൽ ആറുപേരട്ങ്ങുന്ന സംഘം വിളക്ക് തിരിയുമായി പുറപ്പെട്ടു . കൊട്ടിയൂരിലെ വൈശാഖോത്സവത്തിന്റെ തീയതി നിശ്ചയിക്കുന്നത് മുതൽ കഠിനമായ വ്രതം നോറ്റു കൊണ്ടാണ് സാധനസാമഗ്രികൾ ഒരുക്കുന്നത്. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് നെയ്യാമൃതസംഘവും ഇളനീർ സംഘവും വരും ദിവസങ്ങളിൽ കാൽനടയായി വരും പുറപ്പെടും . ഈ മാസം 28ന് നെയ്യാട്ടത്തോടെയാണ് വൈശാഖ ഉത്സവത്തിന് തുടക്കമാവുക

✪✪✪

ഇന്ത്യൻ ആഭ്യന്തര ക്രിക്കറ്റിന്റെ 2026-27 സീസൺ-ന്റെ വിപുലമായ കലണ്ടർ BCCI പുറത്തിറക്കി. പുരുഷ-വനിതാ വിഭാഗങ്ങളിലായി വിവിധ പ്രായപരിധിയിലും ഫോർമാറ്റുകളിലും ആകെ 1,788 മത്സരങ്ങളുണ്ട്. ആഗസ്റ്റ് 23-ന് ദുലീപ് ട്രോഫിയോടെയാണ് പുതിയ ആഭ്യന്തര സീസണിന് തുടക്കമാകുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർകിംഗ്സിനെ 89 റൺസിന് തോൽപ്പിച്ചിരുന്നു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 16,960 ലെത്തി. 14,620 രൂപയാണ് ഗ്രാമിന്.

✪✪✪

UDF അധികാരത്തിലേറിയത് ഉറച്ച മതേതരത്വ നിലപാടിന് അംഗീകാരമാണെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുസ്ലിം ലീഗ് മന്ത്രിമാർക്കും MLA മാർക്കും പാർട്ടി തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഒരുക്കിയ സ്വീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

നേമം മണ്ഡലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന MLA ഓഫിസ് ജൂൺ ആദ്യവാരം തുടങ്ങുമെന്ന് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. ഓഫീസനോട് അനുബന്ധിച്ച് ആംബുലൻസ് സേവനവും ഏർപ്പെടുത്തും.

BJP യുടെ മണ്ഡലങ്ങളോട് വിവേചനം കാണിച്ചാൽ ശക്തമായ പ്രതികരണം ഉണ്ടാവുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം, റാലിയോടെ കോഴിക്കോട്ട് സമാപിച്ചു. മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച റാലി മുതലക്കുളത്ത് സമാപിച്ചു.

12ാം ശമ്പള പെൻഷൻ പരിഷ്കരണ കമ്മിഷൻ പ്രവർത്തനം സമയ ബന്ധിതമായി പൂർത്തീകരിക്കുക, പെഷൻകാരുടെ മെഡിക്കൽ അലവൻസ് വർധിപ്പിക്കുക, തൊഴിൽ കോഡുകളിലെ ചട്ടങ്ങളിൽ തൊഴിലാളികൾക്ക് അനുകൂല ഭേദഗതി കൊണ്ടുവരാൻ സംസ്ഥാന ഗവണ്മെന്റ് തയാറാവുക, തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിച്ചു.

✪✪✪

കോംട്രസ്റ്റ്, മാവൂർ ഗ്രാസിം എന്നിവയുടെ പുനരുജ്ജീവന വിഷയങ്ങളിൽ സംസ്ഥാന ഗവണ്മെന്റ് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് BJP കോഴിക്കോട് സിറ്റി ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ നടപടി ഉണ്ടാവുന്നില്ലെങ്കിൽ BJP ശക്തമായ ജനകീയ സമരം സംഘടിപ്പിക്കുമെന്ന് ജില്ലാ പ്രസിഡണ്ട് KP പ്രകാശ് ബാബു പറഞ്ഞു.

✪✪✪

കോഴിക്കോട് മുത്തപ്പൻ പുഴയിൽ മലവെള്ളപ്പാച്ചിലിനെ തുടർന്ന് യാത്രക്കാർ താൽകാലികമായി ഉപയോഗിച്ചിരുന്ന ചപ്പാത്ത് തകർന്നു. നിർമ്മാണത്തിലിരിക്കുന്ന പാലത്തിന്റെ താൽക്കാലിക സംവിധാനമാണ് തകർന്നത്. വനത്തിൽ പെയ്ത അതിശക്തമായ മഴയെ തുടർന്നാണ് ചപ്പാത്ത് തകർന്നത്. ചെറു വാഹനങ്ങൾക്ക് മാത്രമായി ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്.

✪✪✪

*News Editor VK സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്,*
*News Team: ഫർദിസ് AV, അനുഷ ആത്മപ്രകാശ്,*
*DEO: സി കെ സുബോധ്*